TVM ഡെയ്സ്
തിരുവനന്തപുരം
metrotvm@mm.co.in
മെട്രോ മനോരമ
ESTABLISHED 1888
1191 മകരം 08 22 ജനുവരി 2016 വെള്ളി



മിയാനന്ദം: സംസ്ഥാന സ്കൂൾ കലോൽസവത്തിനെത്തിയ മാർഗംകളി നർത്തകിമാർക്കൊപ്പം നടി മിയ.
ചിത്രം: ആർ.എസ്. ഗോപൻ

# പാവാടപ്രായത്തിൽ മിയ

### കലോൽസവനഗരിയിൽ അപ്രതീക്ഷിത അതിഥിയായെത്തി കുട്ടികളോടൊപ്പം പഴയ ഉൽസവവിശേഷങ്ങൾ പങ്കുവച്ച് നടി മിയ

തിരുവനന്തപുരം ● 'ദേ, ഈ സ്റ്റെപ്പൊന്നു കാണിച്ചേ...!' മാർഗംകളിക്കാർക്കിടയിലെ പാവാടക്കാരിയായെത്തിയ നടി മിയ ഇടത്തുകൈ വശത്തേക്കു നീട്ടി കൈപ്പത്തി താഴേക്കു ചായ്ച്ച്, വലതുകൈ നെഞ്ചിനു മുന്നിൽ വെച്ച് ഒരു മുദ്രകാട്ടി. 'ങ്ങേ! ചേച്ചിക്ക് ഈ സ്റ്റെപ്പൊക്കെ അറിയോ?' ചട്ടയുംമുണ്ടുമുടുത്തു കനമുള്ള തോടയണിഞ്ഞു നിന്ന മാർഗംകളിക്കാർക്കു സംശയം. 'ഞാനേ, നാലു കൊല്ലം സംസ്ഥാന കലോൽസവത്തിൽ കലോൽസവത്തിൽ മാർഗംകളിയുടെ സമ്മാനവും കൊണ്ടു പോയതാ, ദേ നിക്കണെ സിറ്റർമാരോടു ചോദിച്ചു നോക്ക്.' ഭരണങ്ങാനം സേക്രഡ് ഹാർട്ട് ഗേൾസ് എച്ച്എസ്എസിലെ സിസ്റ്റർമാരെച്ചൂണ്ടി മിയ മാർഗംകളിക്കാരോടു പറഞ്ഞു. ഭരണങ്ങാനം സേക്രഡ് ഹാർട്ട് ഗേൾസ് എച്ച്എസ്എസിൽ നിന്നെത്തിയാണു മിയ കലോൽസവങ്ങളിൽ സമ്മാനം നേടിയിട്ടുള്ളത്.

ഹൈസ്കൂൾ വിഭാഗം മാർഗംകളിയിൽ ഇക്കുറി ഭരണങ്ങാനം സേക്രഡ് ഹാർട്ട് സ്കൂളിനു രണ്ടാം സ്ഥാനം ലഭിച്ചതിന്റെ സന്തോഷം കുട്ടികൾ മിയയുമായി പങ്കുവെച്ചു. 'എസ്ജി എച്ച്എസ്എസിനൊരു യോ കൊടുക്ക്...' ഇപ്പോഴും ആ സ്കൂളിലെ കുട്ടിയാണെന്നോർത്ത് മിയ ആർപ്പുവിളിച്ചു. കുട്ടികൾ ഏറ്റുപിടിച്ചു- 'യോ... യോ... യോ...'

സേക്രഡ് ഹാർട്ട് സ്കൂളിലെ കുട്ടികൾക്കൊപ്പം കാഞ്ഞങ്ങാട് ലിറ്റിൽഫ്ലവർ ഗേൾസ് എച്ച്എസ്എസിലെയും കോഴിക്കോട് പ്രൊവിഡൻസ് ഗേൾസ് എച്ച്എസ്എസിലെയും മാർഗംകളിക്കാരും മിയയോടൊപ്പം ചേർന്നു. മാർഗംകളിക്കാരുടെ വേഷം കണ്ടപ്പോൾ മിയയുടെ മനസിൽ പണ്ട് കലോൽസവ വേദികളിൽ ചട്ടയും മുണ്ടും തോടയുമണിഞ്ഞ് ഊഴംകാത്തിരുന്നതിന്റെ ഓർമകളെത്തി.

'ഈ പാവാട ധരിക്കുന്നതുപോലെ അത്ര എളുപ്പമൊന്നുമല്ല ചട്ടയും മുണ്ടും ധരിച്ചു വേദിയിൽ കയറി കളിക്കാൻ. കാണുമ്പോൾ തോന്നും, ഇത്രയല്ലേയുള്ളൂ, സിംപിളാണല്ലോയെന്ന്. പത്തു മിനിട്ടു കളിച്ചു തീരുമ്പോൾ സംഭരിച്ചുവെച്ച എനർജിയെല്ലാം ശൂ...ന്നു പറഞ്ഞു തീരും. അവസാന സ്റ്റെപ്പെത്തുമ്പോഴേക്കും ആരെങ്കിലുമൊന്നു കർട്ടനിട്ടാൽമതിയേ എന്നായിരിക്കും മനസിൽ. മാർഗംകളി മൽസരത്തിനു പതിനാലിൽ ഏഴു പദങ്ങളാണു കളിച്ചുതീർക്കേണ്ടത്. അതിൽ ഏറ്റവും പ്രയാസമുള്ളതും വ്യത്യസ്തമായ സ്റ്റെപ്പുകളുള്ളതുമാണു ഞങ്ങൾ തിരഞ്ഞെടുക്കുക. സമ്മാനം കിട്ടണമെങ്കിൽ വെറൈറ്റിയായി അവതരിപ്പിക്കണമല്ലോ.'- മിയ പഴയ മാർഗംകളിക്കാരിയായി.

ഇതിനിടയിലാണു മിയ ധരിച്ചിരുന്ന പാവാടയിലേക്കും ബ്ലൗസിലേക്കും ചട്ടയും മുണ്ടുമിട്ടു നിന്നവരുടെ അസൂയക്കണ്ണുകൾ പതിച്ചത്. 'ഈ പാവാട കൊള്ളാമല്ലോ ചേച്ചീ!' രണ്ടുവശത്തായി ചേർന്നു നിന്ന രണ്ടുപേർ പാവാടയിൽ പിടുത്തമിട്ടുകൊണ്ടു ചോദിച്ചു. തീജ്വാലയുടെ നിറമുള്ള മഞ്ഞപ്പാവാടയും ചുവന്ന ബ്ലൗസുമായിരുന്നു മിയയുടെ വേഷം. 'പാവാട സിനിമയിൽ അഭിനയിച്ചതിനു കോസ്റ്റ്യൂം ഡിസൈനർ സമീറ സനീഷ് തയ്ച്ചു സമ്മാനിച്ച വേഷമാണ്'- മിയ പറഞ്ഞു.

പാവടക്കാരിയും മാർഗംകളിക്കാരികളും തമ്മിൽ കളിചിരി പറഞ്ഞിരിക്കുന്നതിനിടയിലേക്കെത്തിയ പാവാട സിനിമയുടെ നിർമാതാവും നടനുമായ മണിയൻപിള്ള രാജു കുട്ടികൾക്കും മിയയ്ക്കും ഒരു പൊതുവിജ്ഞാനം നൽകി- മോഹൻലാൽ കളിച്ചു വളർന്ന ഗ്രൗണ്ടാണിത്. കുട്ടികൾ ഒരു സൂപ്പർസ്റ്റാറിനെ നോക്കുന്ന ആരാധനയോടെ ഗ്രൗണ്ടിനെ നോക്കി. എല്ലാവർക്കും ഒപ്പം നിന്നുള്ള ഫോട്ടോയ്ക്കു പോസ് ചെയ്തശേഷം മിയ മാർഗംകളിക്കാരോടു യാത്ര പറഞ്ഞിറങ്ങി.

# വേദിയിൽ പ്രതിഷേധവും കണ്ണീരും

● രാവിലെ പത്തുമുതൽ വൈകിട്ട് ഏഴുമണിവരെ ഒൻപതു മണിക്കൂർ ഒന്നാം നമ്പർ വേദി സംഘർഷഭരിതം

തിരുവനന്തപുരം● പൊട്ടിക്കരച്ചിൽ, വേദിയിൽ നിൽപുപ്രതിഷേധം, ഞങ്ങളൊന്നു കളിച്ചോട്ടെ എന്ന കേണപേക്ഷ, മണിക്കൂറുകൾ കഴിഞ്ഞിട്ടും അവസരം കിട്ടില്ലെന്നുറപ്പായതോടെ ഒടുവിൽ വിധികർത്താക്കളെ കണ്ടു സങ്കടം പറയാൻ വേദിക്കു മുന്നിലേക്ക്... അഞ്ചു പെൺകുട്ടികളും അവരുടെ അച്ഛനമ്മമാരും ഗുരുക്കന്മാരും രാവിലെ പത്തുമണി മുതൽ വൈകിട്ട് ഏഴുമണിവരെ 'പോരാട്ട'ത്തിലായിരുന്നു, മൽസരിക്കാനുള്ള അനുവാദം കിട്ടാൻ.

വർഷ, അനഘ, കൃഷ്ണഗാഥ, അനുശ്രീ, അനുഗ്രഹ എന്നീ കുട്ടികളെയാണു ചെസ്റ്റ് നമ്പർ നറുക്കെടുക്കുന്ന സമയത്തു ഹാജരായില്ലെന്ന കാരണത്താൽ അയോഗ്യരാക്കിയത്. എല്ലാവരും അപ്പീലിൽ എത്തിയവർ, അതിൽ തന്നെ ഒരാൾ കോടതി ഉത്തരവ് വഴിയും.

വൈകിയെത്തിയതിനാലാണ് അവസരം നിഷേധിച്ചതെന്നു സംഘാടകരും കൃത്യസമയത്ത് എത്തിയിട്ടും മൽസരിക്കാൻ സമ്മതിച്ചില്ലെന്നു കുട്ടികളും 'ഉറപ്പിച്ചു' പറയുന്നതിനിടയ്ക്ക് യാഥാർഥ്യം കണ്ടെത്താൻ മാധ്യമസംഘവും കണ്ടെത്താൻ വലഞ്ഞു. കുട്ടികളുടെ കണ്ണീർ കണ്ടതോടെ അവരിൽ ചിലർ തന്നെ അധികൃതരെ വിളിക്കുകയും മാനുഷിക പരിഗണന നൽകി കളിപ്പിക്കാമോ എന്ന് അപേക്ഷിക്കുകയും ചെയ്തു.

അപ്പോഴും തങ്ങൾ അയോഗ്യരായെന്ന വിവരമറിയാതെ വേദിക്കു പിന്നിൽ കാത്തിരിക്കുകയായിരുന്നു കൃഷ്ണഗാഥയും അനഘയും. അവർ വേദിയിൽ റിപ്പോർട്ട് ചെയ്ത് ബെഞ്ചിൽ കാത്തിരിക്കുന്നതിനിടയ്ക്കാണു സംഘാടകർ അയോഗ്യതയുടെ വിവരം രക്ഷിതാക്കളെ അറിയിച്ചത്.

## നഗരമാകെ ഓട്ടം

അവർ ഓട്ടം തുടങ്ങി, പിന്നാലെ മാധ്യമങ്ങളും. ആദ്യം ഡിഡിയുടെ ഓഫിസിലേക്ക്. അവിടെ ചെന്നപ്പോൾ ഡിപിഐയെ കാണണമെന്നറിയിച്ചു. ഉടൻ ഡിപിഐയെ കാണാൻ അവർ പങ്കെടുക്കുന്ന പരിപാടിയുടെ സ്ഥലത്തേക്ക്, അവിടെ ചെന്നപ്പോഴേക്കും ഡിപിഐ അടുത്ത യോഗസ്ഥലത്തേക്കു പോയി.. ഉടൻ അവിടേക്ക്.. മാനുവൽ പ്രകാരം പരിപാടി നടത്താനാണു സ്റ്റേജ് മാനേജർക്കു നിർദേശം കൊടുത്തിട്ടുള്ളതെന്നും അതനുസരിച്ചു മുന്നോട്ടു പോകുമെന്നും ഡിപിഐ അറിയിച്ചു. വീണ്ടും പന്ത് സ്റ്റേജ് മാനേജരുടെ കോർട്ടിൽ. ഇതിനിടെ, വിവരമറിഞ്ഞ കുട്ടികൾ കരച്ചിലായി. കണ്ടു നിന്ന വനിതാ പൊലീസുകാർക്കും സ്റ്റേജിലെ ചില ഉദ്യോഗസ്ഥർക്കും വിഷമം; ഞങ്ങൾക്കും മക്കളുള്ളതല്ലേ, ഒരുങ്ങിവന്ന ഈ പിള്ളേരെ കളിപ്പിക്കാൻ സമ്മതിച്ചാൽ മതിയായിരുന്നു.

പ്രോഗ്രം കൺവീനർ പക്ഷേ, ഉറച്ച നിലപാടിലായിരുന്നു. കുട്ടികളുടെയോ രക്ഷിതാക്കളുടെയോ വാക്കുകൾ കേൾക്കാനോ അല്ലെങ്കിൽ അവരോടു മാന്യവും ശാന്തവുമായ രീതിയിൽ കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കാനോ നിൽക്കുന്നതിനു പകരം വളരെ മോശമായ രീതിയിലുള്ള സംസാരം.

## പ്രതിഷേധം വേദിയിലേക്ക്

ഗുരുക്കന്മാരും മറ്റു കുട്ടികളുടെ രക്ഷിതാക്കളും പിന്തുണയുമായി രംഗത്തെത്തി. അണിഞ്ഞൊരുങ്ങി നിന്ന കുട്ടികളുടെ മുഖത്തു കണ്ണീരിൽ കരിമഷി പടർന്നു. കുറെ നേരം ശ്രമിച്ചിട്ടും കാര്യങ്ങൾ നീങ്ങാതെ വന്നതോടെ, അഞ്ചു കുട്ടികളും രക്ഷിതാക്കളുടെയും ഗുരുക്കന്മാരുടെയും നിർദേശപ്രകാരം കരഞ്ഞുകൊണ്ടു വേദിയിൽ കയറി നിൽപുറപ്പിച്ചു. മാറാൻ പറഞ്ഞ പൊലീസുകാരോട് അവർ പറഞ്ഞു, സാർ, ഞങ്ങളെ കളിപ്പിക്കാമെന്നുറപ്പ് നൽകിയാൽ ഇറങ്ങാം.



രോഷം, കണ്ണീർ: ഒന്നാം വേദിയിൽ ഹയർ സെക്കൻഡറി കേരളനടനം മൽസരത്തിൽ അയോഗ്യരാക്കപ്പെട്ട കുട്ടികൾ വേദിയിൽ കയറി പ്രതിഷേധിക്കുന്നതിനിടെ അനുനയിപ്പിക്കാൻ ശ്രമിക്കുന്ന പൊലീസ്.

അനുനയിപ്പിച്ചു കുട്ടികളെ പുറത്തിറക്കിയ പൊലീസ് അവരെ ആശ്വസിപ്പിക്കാൻ പെടാപ്പാടു പെട്ടു. മോഡൽ സ്കൂളിലെ ഹയർ അപ്പീൽ കേന്ദ്രത്തിലെത്തി അപേക്ഷിച്ചെങ്കിലും ഫലമില്ലാതെ വന്നതോടെ കുട്ടികൾ വീണ്ടും പുത്തരിക്കണ്ടത്തേക്കു മടങ്ങി. നിരാഹാരമിരിക്കുമെന്നായി ഒരു അമ്മ, മറ്റൊരു രക്ഷിതാവ് പ്രതിഷേധിച്ചേ അടങ്ങൂ എന്നും അറിയിച്ചു.

അപ്പോഴേക്കും കുട്ടികൾ ഒരുങ്ങിയിരിക്കാൻ തുടങ്ങിയിട്ട് ഏഴു മണിക്കൂറായിരുന്നു. പിന്നീടും കുറെ സമയം കഴിഞ്ഞാണു കുട്ടികളോടു വിധികർത്താക്കളുടെ മുൻപിൽ ചെന്നു പരാതി പറയാൻ രക്ഷിതാക്കൾ നിർദേശിച്ചതും അവർ ജാഥയായി അങ്ങോട്ടു നീങ്ങിയതും. സ്റ്റേജ് ഒഫീഷ്യലുകൾ കുട്ടികളെ തടഞ്ഞതോടെ വീണ്ടും കരച്ചിലും അപേക്ഷയുമായി.

കുട്ടികളെ ഏറെ പരിശ്രമിച്ച് പൊലീസ് അവിടെ നിന്നു നീക്കുന്നതിനിടെ, കാണികളിലൊരാൾ മാധ്യമപ്രവർത്തകനെ ഉപദ്രവിച്ചതോടെ ആകെ ബഹളമായി. പൊലീസും മാധ്യമപ്രവർത്തകരും അവരെ സഹായിക്കാനെത്തിയ കാണികളും അടിച്ചവനെ കണ്ടെത്താൻ കൂടിയ ചെറുപ്പക്കാരുമെല്ലാമായി അടിപിടി ജഗപൊക.

മുതിർന്ന മാധ്യമപ്രവർത്തകരും പൊലീസും ഇടപെട്ടു രംഗം ശാന്തമാക്കി. ഒടുവിൽ വി.ശിവൻകുട്ടി എംഎൽഎ ഇടപെട്ട് ഡിപിഐയുമായി സംസാരിക്കുകയും കുട്ടികൾക്ക് അവതരണത്തിന് അനുമതി നൽകുകയും ചെയ്തു, മൽസരമല്ല, അവതരണംമാത്രം. അതുമതിയെന്ന വാക്കുകളോടെ കുട്ടികൾ കണ്ണീർമുഖം തുടച്ചു വേദിയിലേക്ക്.

*( സംഘർഷങ്ങൾക്കിടയിൽ ചിലർ കുട്ടികൾ കടുംകൈ കാട്ടുമെന്നു വിളിച്ചുപറഞ്ഞപ്പോൾ വിവരമുള്ളവർ ഇടപെട്ടു. വെറുതെ എരിതീയിൽ എണ്ണയൊഴിക്കാതെ കുട്ടികളെ പോസിറ്റീവായി പ്രചോദിപ്പിക്കാൻ പറഞ്ഞുകൊടുക്കുകയും ചെയ്തു.)*